**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം -14**

**വിഷയം -** **ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്-** ജീവനക്കാര്യം - ചെറുവണ്ണൂർ, ബേപ്പൂർ, മീഞ്ചന്ത ഇ.എസ്.ഐ ഡിസ്പെൻസറികൾ സംയോജിച്ച് ചെറുവണ്ണൂർ I, ചെറുവണ്ണൂർ II ഡിസ്പെൻസറികളായി പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം -**
1. 11.12.2012 – ലെ സ. ഉ. (സാ) നം. 1912/2016/തൊഴിൽ.
2. 01.10.2016 – ലെ സ. ഉ (സാധാ) നം. 1221/2016/തൊഴിൽ.
3. 24.11.2016 – ലെ സ. ഉ (സാധാ) നം.1463/2016/തൊഴിൽ.
4. 12.01.2017 – ലെ സ. ഉ (സാധാ) നം. 48/2017/തൊഴിൽ നമ്പർ ഉത്തരവുകൾ

..............

**ഉത്തരവ് നമ്പർ ബി2- 5517/2013/ഡി.ഐ.എം.എസ് / തീയതി. 14.02.2017**

ചെറുവണ്ണൂർ, ബേപ്പൂർ, മീഞ്ചന്ത എന്നീ ഇ.എസ്. ഐ ഡിസ്പെൻസറികളിലായി ആകെ 49 ജീവനക്കാരാണുണ്ടായിരുന്നത്. ഇതിൽ മീഞ്ചന്ത ഇ.എസ്.ഐ ഡിസ്പെൻസറിയിലെ രണ്ട് ക്ലാർക്ക് തസ്തികയിൽ ഒരെണ്ണം പരാമർശം 1 പ്രകാരം പാലക്കാട് ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് പുനർ വിന്യസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ബേപ്പൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഒരു ആഫീസ് അറ്റന്റന്റിനെ മാവൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് പരാമർശം 2 പ്രകാരം പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ചെറുവണ്ണൂർ, ബേപ്പൂർ, മീഞ്ചന്ത ഇ.എസ്. ഐ ഡിസ്പെൻസറികളെ സംയോജിപ്പിച്ച്, ചെറുവണ്ണൂർ I & ചെറുവണ്ണൂർ II ഡിസ്പെൻസറികളാക്കി മാറ്റുന്നതിനും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ചെറുവണ്ണൂർ, ബേപ്പൂർ, മീഞ്ചന്ത എന്നീ ഡിസ്പെൻസറികളിൽ നിലവിൽ ആകെയുള്ള 47 ജീവനക്കാരിൽ ചെറുവണ്ണൂർ ഡിസ്പെൻസറിയിലെ 26 ജീവനക്കാരെ (ഒരു മെഡിക്കൽ ഓഫീസർ ഒഴികെ) ചെറുവണ്ണൂർ I ഡിസ്പെൻസറിയിൽ നിലനിർത്തിയശേഷം അവശേഷിക്കുന്ന ജീവനക്കാരെ താഴെപറയും പ്രകാരം ചെറുവണ്ണൂർ II ഡിസ്പെൻസറിയിലേക്ക് പുനർവിന്യസിക്കുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായി.

| **തസ്തികയുടെ പേര്** | **ചെറുവണ്ണൂർ I ഇ.എസ്.ഐ ഡിസ്പെൻസറി** | **ചെറുവണ്ണൂർ II ഇ.എസ്.ഐ ഡിസ്പെൻസറി** |
|---|---|---|
| മെഡിക്കൽ ഓഫീസർ IMO/AIMO | 4 | 4 |
| ഹെഡ് ക്ലാർക്ക് | 1 | - |
| ക്ലാർക്ക്/ സീനിയർ ക്ലാർക്ക് | 3 | 2 |
| ഫാർമസിസ്റ്റ് | 4 | 3 |
| ലാബ് ടെക്നീഷ്യൻ | 1 | - |
| സ്റ്റാഫ് നഴ്സ് | 1 | 1 |

(.....2)

| | | |
|---|---|---|
| എ.എൻ.എം | 2 | 2 |
| നഴ്സിംഗ് അസിസ്റ്റന്റ് | 3 | 2 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – II | 5 | 5 |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 | 1 |
| | 26 | 21 |

മേൽ സാഹചര്യത്തിൽ ബേപ്പൂർ, മീഞ്ചന്ത, ചെറുവണ്ണൂർ ഡിസ്പെൻസറികളോടനുബന്ധിച്ചുള്ള ഐ. പി - കളെ താഴെ പറയും പ്രകാരം ക്രമീകരിക്കേണ്ടതാണ്.

'ഒറ്റ ' അക്കത്തിൽ (Odd Number) **അവസാനിക്കുന്ന ഇൻഷുറൻസ് നമ്പർ ഉള്ള ഐ. പി - കളെ** ചെറുവണ്ണൂർ I നു കീഴിൽ നിലനിർത്തുകയും **' ഇരട്ട ' അക്കത്തിൽ അവസാനിക്കുന്ന (even no.) ഇൻഷുറൻസ് നമ്പർ ഉള്ള ഐ പി - കളെ** ചെറുവണ്ണൂർ II - ലേക്ക് യോജിപ്പിക്കുകയും ചെയ്യേണ്ടതാണ്. 01.04.2017 മുതൽ ചെറുവണ്ണൂർ I ചെറുവണ്ണൂർ II എന്നിങ്ങനെ രണ്ട് പ്രത്യേക ഡിസ്പെൻസറികളായി മേൽ വിശദമാക്കിയിട്ടുള്ള പ്രകാരം പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ചെറുവണ്ണൂർ I, ചെറുവണ്ണൂർ II ഡിസ്പെൻസറികളുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ അടിയന്തിരമായി ആരംഭിക്കേണ്ടതും 15.03.2017-നു മുമ്പായി ഇതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുമാണ്.

**(ഒപ്പ്)**

**ഡോ. അജിത നായർ. ആർ**

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (ഇൻ -ചാർജ്ജ്)**

സ്വീകർത്താവ് .

1. ആർ.ഡി.ഡി ദക്ഷിണമേഖല, കൊല്ലം/ മദ്ധ്യമേഖല, എറണാകുളം/ ഉത്തരമേഖല, കോഴിക്കോട്.
2. ഇൻഷുറൻസ് മെഡിക്കൽ ആഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, ചെറുവണ്ണൂർ/ മീഞ്ചന്ത/ ബേപ്പൂർ ( ചെറുവണ്ണൂർ II എന്ന ഒരു folder SPARK - ൽ Drawing and Disbursing Officer Create ചെയ്യേണ്ടതാണ്) ബേപ്പൂർ, മീഞ്ചന്ത ഇ.എസ്.ഐ ഡിസ്പെൻസറികളിലെ നിലവിലുള്ള വിലപ്പെട്ടതും, അല്ലാത്തതുമായ എല്ലാ രജിസ്റ്ററുകളും രേഖകളും 01.04.2017 മുതൽ ചെറുവണ്ണൂർ II ഡിസ്പെൻസറിയിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.
3. മാനേജർ, സ്പാർക്ക് (അറിവിലേക്കായി)
4. ഡെപ്യൂട്ടി ഡയറക്ടർ, ആയുർവേദ/ ഹോമിയോ
5. സബ് ട്രഷറി, ഫെറോക്ക്.
6. ഡെപ്യൂട്ടി ഡയറക്ടർ, റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ കോർപ്പറേഷൻ, കോഴിക്കോട്.
7. ബ്രാഞ്ച് മാനേജർ, ഇ.എസ്.ഐ കോർപ്പറേഷൻ, ഫറോക്ക്.
8. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, ഫറോക്ക്.
9. ജോയിന്റ് ഡയറക്ടർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ / ഡയറക്ടറുടെ സി.എ
10. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും/ എല്ലാ സെക്ഷനുകൾക്കും.
11. ഫയൽ/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്